**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4081** **17-03-2025 - ൽ മറുപടിയ്ക്ക്**

**മൂന്നാർ ഹിൽ ഏരിയ അതോറിറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിൽ മൂന്നാർ ഹിൽ ഏരിയ അതോറിറ്റി രൂപീകരിക്കാനിടയായ സാഹചര്യം എന്താണ്; വിശദമാക്കാമോ; | (എ) | ഇടുക്കി - മൂന്നാർ മേഖലയിലെ ഭൂപ്രശ്നങ്ങൾ സംബന്ധിച്ച് 11/01/2021 -ന് ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മൂന്നാർ പ്രദേശത്ത് സുസ്ഥിര വികസനം സാധ്യമാക്കുന്നതിനും അനധികൃത കൈയ്യേറ്റങ്ങളിലും നിർമ്മാണങ്ങളിലും ഉചിതമായ തീരുമാനമെടുക്കുന്നതിനും ഒപ്പം പ്രദേശത്തിന്റെ പാരിസ്ഥിതിക സവിശേഷതകൾ സംരക്ഷിക്കുന്നതിനുമായി ഒരു വികസന അതോറിറ്റി രൂപീകരിക്കുന്നതിന്റെ സാധ്യത പരിശോധിക്കുവാനുള്ള തീരുമാനം കൈക്കൊള്ളുകയുണ്ടായി.<br><br>മൂന്നാർ മേഖലയിലെ പഞ്ചായത്തുകളുടെ ഒറ്റയ്ക്ക് ഒറ്റയ്ക്കുള്ള പ്രവർത്തനത്തിലുപരി ദീർഘവീക്ഷണ കാഴ്ചപ്പാടോടെ മൂന്നാറിന്റെയും സമീപ പ്രദേശങ്ങളുടെയും വികസനം ആസൂത്രണം ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ വികസന പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കുകയും, അനധികൃത കൈയ്യേറ്റങ്ങൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതിനും ഇതിനായി ഭരണ സംവിധാനത്തെ ഏകോപിപ്പിക്കുകയും ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തുകളുടെ അധികാരത്തിലേക്ക് കടന്നുകയറാതെയുള്ള ഒരു ഏകോപന സംവിധാനം എന്ന നിലയ്ക്കാണ് മൂന്നാർ ഹിൽ ഏരിയ അതോറിറ്റി രൂപീകരിക്കുന്നത്. |
| (ബി) | പ്രസ്തുത അതോറിറ്റി മൂന്നാർ മേഖലയിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; ഇതിനായി മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | മൂന്നാർ ഹിൽ ഏരിയ അതോറിറ്റിയുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും സർക്കാർ G.O.(Ms) No. 96/2023/LSGD dated 20/04/2023 ഉത്തരവിന്റെ അനുബന്ധമായി നൽകിയിട്ടുണ്ട്. (പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു). പ്രസ്തുത ഏരിയക്കായി മാസ്റ്റർ പ്ലാൻ |

| | | | |
|---|---|---|---|
| | | | തയ്യാറാക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി ജോയിന്റ് ആസൂത്രണ കമ്മിറ്റി രൂപീകരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതായുണ്ട്. |
| (സി) | അതോറിറ്റിയിലെ അംഗങ്ങൾ ആരൊക്കെയാണെന്ന് അറിയിക്കാമോ? | (സി) | അതോറിറ്റിയിലെ അംഗങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ സർക്കാരിന്റെ G.O.(Ms) No. 96/2023/LSGD dated 20/04/2023 ഉത്തരവിലെ 2(iv) ആയി നൽകിയിട്ടുണ്ട് (പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു). |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ് - മൂന്നാർ പ്രദേശത്ത് സുസ്ഥിര വികസനം സാധ്യമാക്കുന്നതിനും അനധികൃത കൈയ്യേറ്റങ്ങളിലും നിർമ്മാണങ്ങളിലും ഉചിതമായ തീരുമാനമെടുക്കുന്നതിനും പ്രദേശത്തിന്റെ പാരിസ്ഥിതിക സവിശേഷതകൾ സംരക്ഷിക്കുന്നതിനുമായി മൂന്നാർ ഹിൽ ഏരിയ അതോറിറ്റി രൂപീകരിക്കുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്**

സ.ഉ.(കൈ) നം.96/2023/LSGD തീയതി,തിരുവനന്തപുരം, 20-04-2023

---

പരാമർശം:-
1. 11.01.2021-നു ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷത യിൽ ചേർന്ന യോഗനടപടിക്കുറിപ്പ്.
2. പഞ്ചായത്തു ഡയറക്ടറുടെ 04.05.2021 -തീയതിയിലെ PAN/2704/2021-C1(DP) നമ്പർ കത്ത്.
3. മുഖ്യനഗരാസൂത്രകന്റെ 10.03.2022 തീയതിയിലെ TCPCTP/1350/2020-E3 നമ്പർ കത്ത്.

**ഉത്തരവ്**

ഇടുക്കി - മൂന്നാർ മേഖലയിലെ ഭൂപ്രശ്നങ്ങൾ സംബന്ധിച്ച് പരാമർശം (1) പ്രകാരമുള്ള യോഗത്തിൽ മൂന്നാർ പ്രദേശത്ത് സുസ്ഥിര വികസനം സാധ്യമാക്കുന്നതിനും അനധികൃത കൈയ്യേറ്റങ്ങളിലും നിർമ്മാണങ്ങളിലും ഉചിതമായ തീരുമാനമെടുക്കുന്നതിനും ഒപ്പം ഈ പ്രദേശത്തിന്റെ പാരിസ്ഥിതിക സവിശേഷതകൾ സംരക്ഷിക്കുന്നതിനുമായി ഒരു വികസന അതോറിറ്റി രൂപീകരിക്കുന്നതിന്റെ സാധ്യത പരിശോധിക്കുവാനുള്ള തീരുമാനം കൈക്കൊള്ളുകയുണ്ടായി.

(2) മൂന്നാർ മേഖലയിലെ പഞ്ചായത്തുകളുടെ ഒറ്റയ്ക്ക്-ഒറ്റയ്ക്കുള്ള പ്രവർത്തനത്തിലുപരി, ദീർഘവീക്ഷണ കാഴ്ചപ്പാടോടെ മൂന്നാറിന്റെയും

സമീപ പ്രദേശങ്ങളുടെയും വികസനം ആസൂത്രണം ചെയ്യുകയും, അതിന്റെ അടിസ്ഥാനത്തിൽ വികസന പദ്ധതികൾ രൂപീകരിച്ചു നടപ്പിലാക്കുകയും, അനധികൃത കൈയ്യേറ്റങ്ങൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതിനും, ഇതിനായി ഭരണ സംവിധാനത്തെ ഏകോപിപ്പിക്കുകയും ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തുകളുടെ തദ്ദേശസ്വയംഭരണ സ്ഥാപനം എന്ന അധികാരത്തിലേക്കു കടന്നുകയറാതെയുള്ള ഒരു ഏകോപന സംവിധാനം എന്ന നിലയ്ക്കാണ് മൂന്നാർ ഹിൽ ഏരിയ അതോറിറ്റി രൂപീകരിക്കുന്നത്; അതിന്റെ ഭാഗമായി താഴെ പറയുന്ന കാര്യങ്ങളിൽ ഉത്തരവാകുന്നു:

I. മൂന്നാർ, ദേവികുളം, മറയൂർ, ഇടമലക്കുടി, കാന്തല്ലൂർ, വട്ടവട, മാങ്കുളം എന്നീ പഞ്ചായത്തുകൾ, ചിന്നക്കനാൽ പഞ്ചായത്തിലെ 8 (ബി.എൽ.റാം) ഉം 13 (മുട്ടുക്കാട്) ഉം വാർഡുകൾ ഒഴിച്ചുള്ള മേഖലകൾ, പള്ളിവാസൽ പഞ്ചായത്തിലെ 4 ഉം 5 ഉം വാർഡുകൾ എന്നിവ ഉൾപ്പെടുത്തി 2016-ലെ കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്റ്റിലെ വകുപ്പ് 40-ൽ നിഷ്ക്കർഷിച്ചിരിക്കുന്ന പ്രകാരം, ഒരു ജോയിന്റ് ആസൂത്രണ പ്രദേശമായി പ്രഖ്യാപിച്ചുകൊണ്ടു ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്.

II. മേൽപ്പറഞ്ഞ ജോയിന്റ് ആസൂത്രണ പ്രദേശത്തിനു വേണ്ടി മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയോ തയ്യാറാക്കിക്കുകയോ ചെയ്യുന്നതിനായി, 2016-ലെ കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്റ്റിലെ വകുപ്പ് 4 1 പ്രകാരം, ഗസറ്റ് വിജ്ഞാപനം വഴി ജോയിന്റ് ആസൂത്രണ കമ്മിറ്റി രൂപീകരിക്കുന്നതാണ്.

III. 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാൻ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങൾ ചട്ടം 27(2)-ൽ നിഷ്ക്കർഷിച്ചിരിക്കുന്ന പ്രകാരമുള്ള അംഗങ്ങൾ ഉൾപ്പെടുന്നതായിരിക്കും പ്രസ്തുത ജോയിന്റ് ആസൂത്രണ കമ്മിറ്റിയുടെ ഘടന. അത് താഴെപ്പറയും പ്രകാരമാണ്:

(i) ചെയർ പേഴ്സൺ : ജോയിന്റ് ആസൂത്രണ പ്രദേശത്തെ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ഗ്രാമപഞ്ചായത്തിന്റെ പ്രസിഡന്റ് അല്ലെങ്കിൽ

സർക്കാർ നിയമിക്കുന്ന പ്രകാരം.

(ii) അംഗം : ജോയിന്റ് ആസൂത്രണ പ്രദേശത്തിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ ഗ്രാമപഞ്ചായത്തിന്റെയും പ്രസിഡന്റ്മാർ.

(iii) അംഗങ്ങൾ : ജോയിന്റ് ആസൂത്രണ പ്രദേശത്തിൽ ഉൾപ്പെട്ടിട്ടുള്ള തിരഞ്ഞെടുക്കപ്പെട്ട മറ്റു ഗ്രാമപഞ്ചായത്ത് അംഗങ്ങൾ ഉൾപ്പെട്ടിട്ടുള്ള തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ ജനസംഖ്യയുടെ അനുപാതത്തിൽ തിരഞ്ഞെടുത്തത്.

[എന്നാൽ, (i), (ii), (iii) എന്നിവ പ്രകാരം തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ ആകെ എണ്ണം, ജോയിന്റ് ആസൂത്രണ കമ്മിറ്റിയിലെ ആകെ അംഗബലത്തിന്റെ മൂന്നിൽ രണ്ട് കുറയാത്ത രീതിയിൽ നിശ്ചയിക്കേണ്ടതാണ്]

(iv) മെമ്പർ സെക്രട്ടറി : ആ പ്രദേശത്ത് അധികാരിതയുള്ള തദ്ദേശസ്വയംഭരണ വകുപ്പ് (പ്ലാനിംഗ്)-ന്റെ ജില്ലാതല ഉദ്യോഗസ്ഥൻ.

(v) വിദഗ്ദ്ധ അംഗങ്ങൾ : കമ്മിറ്റിയുടെ കൃത്യനിർവ്വഹണത്തിന് ആവശ്യമായ പ്രത്യേക യോഗ്യത ഉള്ളതോ അല്ലെങ്കിൽ നഗര-ഗ്രാമാസൂത്രണം/പരിസ്ഥിതി/വിനോദ സഞ്ചാരം/അടിസ്ഥാന സൗകര്യ ആസൂത്രണത്തിൽ വൈദഗ്ദ്ധ്യം ഉള്ളതോ ആയവരിൽ നിന്നും നാമനിർദ്ദേശം ചെയ്ത മൂന്നിൽ കൂടാത്ത ആളുകൾ, അവരിൽ ഒരാൾക്കെങ്കിലും നഗര-ഗ്രാമാസൂത്രണത്തിലോ നഗര/സ്ഥലപര ആസൂത്രണത്തിലോ പ്രത്യേക യോഗ്യത ഉണ്ടായിരിക്കേണ്ടതാണ്.

(vi) അംഗങ്ങൾ : ജോയിന്റ് ആസൂത്രണ പ്രദേശത്തിൽ ഉൾപ്പെട്ടിട്ടുള്ള ഗ്രാമപഞ്ചായത്തിന്റെ സെക്രട്ടറിമാർ.

(vii) കൺവീനർ : ഏത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റ് ആണ് പ്രസ്തുത ജോയിന്റ് ആസൂത്രണ കമ്മിറ്റിയുടെ ചെയർപേഴ്സൺ ആയി നിയമിക്കപ്പെട്ടിട്ടുള്ളത്, അതിന്റെ സെക്രട്ടറി കൺവീനർ ആയിരിക്കേണ്ടതാണ്.

മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനോ തയ്യാറാക്കിക്കുകയോ ചെയ്യുന്നതിനായി സ്പെഷ്യൽ ഫംഗ്ഷൻ ഏജൻസികൾ രൂപീകരിക്കുന്നതിനും, അവയുടെ

ചുമതലകൾ നിർണ്ണയിക്കുന്നതിനും, ആവശ്യമെങ്കിൽ അവർക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുമുള്ള അധികാരം, 2016-ലെ കേരള ടൗൺ & കൺട്രി പ്ലാനിംഗ് ആക്റ്റിലെ വകുപ്പ് 42 (ii)-ൽ വിവക്ഷിച്ചിരിക്കുന്ന പ്രകാരം, ജോയിന്റ് ആസൂത്രണ കമ്മിറ്റിക്ക് ഉണ്ടായിരിക്കുന്നതാണ്. മൂന്നാർ മാസ്റ്റർ പ്ലാൻ തയ്യാറാക്കി അംഗീകരിക്കപ്പെടുന്നതോടെ ജോയിന്റ് ആസൂത്രണ കമ്മിറ്റിയുടെ ഉത്തരവാദിത്വം പൂർണ്ണമാകുന്നു.

IV. മൂന്നാർ, ദേവികുളം, മറയൂർ, ഇടമലക്കുടി, കാന്തല്ലൂർ, വട്ടവട, മാങ്കുളം എന്നീ പഞ്ചായത്തുകൾ, ചിന്നക്കനാൽ പഞ്ചായത്തിലെ 8 ഉം 1 3 ഉം വാർഡുകൾ ഒഴിച്ചുള്ള മേഖലകൾ, പള്ളിവാസൽ പഞ്ചായത്തിലെ 4, 5 വാർഡുകൾ എന്നിവ ഉൾപ്പെടുത്തി 2016-ലെ കേരള ടൗൺ & കൺട്രി പ്ലാനിംഗ് ആക്റ്റിലെ വകുപ്പ് 51-ൽ നിഷ്ക്കർഷിച്ചിരിക്കുന്ന ഘടനയിലായിരിക്കും മൂന്നാർ ഹിൽ ഏരിയ അതോറിറ്റി രൂപീകരിക്കുക. 2016-ലെ കേരള ടൗൺ & കൺട്രി പ്ലാനിംഗ് ആക്റ്റിലെ വകുപ്പ് 53-ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം രൂപീകരിക്കുന്ന മൂന്നാർ ഹിൽ ഏരിയ അതോറിറ്റി, ജനറൽ കൗൺസിൽ, എക്സിക്യൂട്ടിവ് കമ്മിറ്റി എന്നിവ അടങ്ങിയതാണ്. ജനറൽ കൗൺസിലിന്റെയും എക്സിക്യൂട്ടിവ് കമ്മിറ്റിയുടെയും ഉത്തരവാദിത്തങ്ങൾ 2015-ലെ Kerala Town and Country Planning (Development Authorities) Rules വകുപ്പ് 3-ൽ നിഷ്ക്കർഷിച്ചിട്ടുള്ളതാണ്.

മൂന്നാർ ഹിൽ ഏരിയ അതോറിറ്റിയുടെ ജനറൽ കൗൺസിലിൽ, 2016-ലെ കേരള ടൗൺ & കൺട്രി പ്ലാനിംഗ് ആക്റ്റിലെ വകുപ്പ് 5 4 പ്രകാരം, താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്:

(i). വികസന അതോറിറ്റിയുടെ ചെയർമാൻ – എക്സ്-ഒഫിഷ്യോ, അദ്ദേഹം ജനറൽ കൗൺസിലിന്റെ ചെയർമാൻ ആയിരിക്കുന്നതാണ്;

(ii). ഏതു പ്രദേശത്തിനു വേണ്ടിയാണോ വികസന അതോറിറ്റി രൂപീകരിച്ചിട്ടുള്ളത്, ആ പ്രദേശത്ത് അധികാരിതയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അംഗങ്ങൾക്കിടയിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ടിൽ കുറയാത്ത ആളുകൾ;

(iii). വികസന അതോറിറ്റിയുടെ അധികാര പരിധിക്കുള്ളിലുള്ള ഏതെങ്കിലും പ്രദേശത്തെ പ്രതിനിധീകരിക്കുന്ന സംസ്ഥാന നിയമസഭയിലെ അംഗങ്ങൾ; എന്നാൽ, വികസന അതോറിറ്റിയുടെ അധികാര പരിധിക്കുള്ളിലുള്ള ഏതെങ്കിലും പ്രദേശത്തെ പ്രതിനിധീകരിക്കുന്ന ഏതെങ്കിലും നിയമസഭാംഗം ഒരു മന്ത്രിയുടെ പദവി വഹിക്കുകയാണെങ്കിൽ, അദ്ദേഹത്തിന് അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിൽ നിന്നും ഒരാളെ ജനറൽ കൗൺസിലിൽ അദ്ദേഹത്തെ പ്രതിനിധീകരിക്കുന്നതിനായി നാമനിർദ്ദേശം ചെയ്യാവുന്നതാണ്.

(iv). ജില്ലയിലെ തദ്ദേശസ്വയംഭരണ വകുപ്പ് (പ്ലാനിംഗ്)-ലെ ടൗൺ പ്ലാനർ, ബന്ധപ്പെട്ട പ്രദേശത്തെ കേരള സംസ്ഥാന പൊതുമരാമത്ത് വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ (നിരത്തുകളും പാലങ്ങളും).

(v). നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള രീതിയിൽ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന എട്ടിൽ കൂടാത്ത മറ്റ് ആളുകൾ.

(vi). വികസന അതോറിറ്റിയുടെ മെമ്പർ സെക്രട്ടറി, ടൗൺ പ്ലാനറുടെ പദവിയിൽ താഴെയല്ലാത്ത, നഗര-ഗ്രാമാസൂത്രണത്തിലോ മുനിസിപ്പൽ അഡ്മിനിസ്ട്രേഷനിലോ പത്തു വർഷത്തിൽ കുറയാത്ത പ്രവൃത്തിപരിചയമുള്ള ഒരു സർക്കാർ ഉദ്യോഗസ്ഥൻ ആയിരിക്കേണ്ടതാണ്.

**[2015-ലെ Kerala Town & Country Planning (Development Authority) Rules ചട്ടം 3 (1) പ്രകാരം ജനറൽ കൗൺസിലിൽ 20 അംഗങ്ങളാണ് (ചെയർമാൻ ഒഴികെ) ഉണ്ടാവുക]**

മൂന്നാർ ഹിൽ ഏരിയ അതോറിറ്റിയുടെ എക്സിക്യൂട്ടിവ് കമ്മിറ്റിയിൽ, 2016-ലെ കേരള ടൗൺ & കൺട്രി പ്ലാനിംഗ് ആക്റ്റിലെ വകുപ്പ് 5 5 പ്രകാരം, താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്:

(a) വികസന അതോറിറ്റിയുടെ ചെയർമാൻ, എക്സ്-ഒഫിഷ്യോ; അദ്ദേഹം എക്സിക്യുട്ടീവ് കമ്മിറ്റിയുടെ ചെയർമാൻ

ആയിരിക്കുന്നതാണ്;

(b) ടി ആക്റ്റിലെ 54-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിൻകീഴിൽ നാമനിർദ്ദേശം ചെയ്യപ്പെട്ട ജനറൽ കൗൺസിൽ അംഗങ്ങൾക്കിടയിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, ജനറൽ കൗൺസിലിന്റെ അംഗസംഖ്യയെ ആശ്രയിച്ച്, രണ്ടിൽ കൂടാത്ത ആളുകൾ;

(c) ടി ആക്റ്റിലെ 54-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (സി) ഖണ്ഡത്തിൻകീഴിൽ നാമനിർദ്ദേശം ചെയ്യപ്പെട്ട ജനറൽ കൗൺസിൽ അംഗങ്ങൾക്കിടയിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ജനറൽ കൗൺസിലിന്റെ അംഗസംഖ്യയെ ആശ്രയിച്ച്, നാലിൽ കൂടാത്ത ആളുകൾ;

(d) ഇടുക്കി ജില്ലയിലെ തദ്ദേശസ്വയംഭരണ വകുപ്പ് (പ്ലാനിംഗ്)-ലെ ടൗൺ പ്ലാനർ, ബന്ധപ്പെട്ട പ്രദേശത്തെ കേരള സംസ്ഥാന പൊതുമരാമത്ത് വകുപ്പിലെ എക്സിക്യുട്ടീവ് എഞ്ചിനീയർ (നിരത്തുകളും പാലങ്ങളും);

(e) ടി ആക്റ്റിലെ 54-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ഇ) ഖണ്ഡത്തിൻകീഴിൽ നാമനിർദ്ദേശം ചെയ്യപ്പെട്ട ജനറൽ കൗൺസിൽ അംഗങ്ങൾക്കിടയിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, ജനറൽ കൗൺസിലിന്റെ അംഗസംഖ്യയെ ആശ്രയിച്ച്, രണ്ടിൽ കൂടാത്ത ആളുകൾ;

(f) വികസന അതോറിറ്റിയുടെ മെമ്പർ സെക്രട്ടറി, എക്സ്-ഒഫിഷ്യോ.

[2015-ലെ Kerala Town & Country Planning (Development Authority) Rules ചട്ടം 4 (1) പ്രകാരം എക്സിക്യൂട്ടിവ് കമ്മിറ്റിയിൽ 10 അംഗങ്ങളാണ് ഉണ്ടാവുക.]

2015-ലെ Kerala Town & Country Planning (Development Authority) Rules ചട്ടം 15-ൽ നിഷ്ക്കർഷിച്ചിരിക്കുന്ന പ്രകാരം മൂന്നാർ ഹിൽ ഏരിയ

അതോറിറ്റിയുടെ ഓഫീസിന് താഴെപ്പറയുന്ന വിഭാഗങ്ങളുണ്ടാകും:

**(i) Ministerial Wing**

**(ii) Engineering Wing**

**(iii) Special Function Wing – 2016-ലെ Kerala Town & Country Planning Act-ലെ section 56(iii)-ന്** അനുസൃതമായി രൂപീകരിക്കപ്പെടുന്ന രണ്ട് **Special Function** വിഭാഗങ്ങളുണ്ടാകും - പ്ലാനിംഗ് വിഭാഗവും **(Planning Wing)** & നിയമ വിഭാഗവും **(Legal Wing).** പ്ലാനിംഗ് വിഭാഗത്തിൽ പരിസ്ഥിതി സുസ്ഥിര വികസനവും ഉൾപ്പെടുന്നതായിരിക്കും.

V. പ്രസ്തുത അതോറിറ്റിക്ക് കീഴിലുള്ള വിവിധ വിഭാഗങ്ങളിലെ തസ്തികകളിലേക്കുള്ള യോഗ്യതകളും നിയമനരീതിയും **2015-ലെ Kerala Town & Country Planning (Development Authority)** ചട്ടങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന പ്രകാരമായിരിക്കും.

VI. മൂന്നാർ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് സംബന്ധിച്ച് താഴെ പറയുന്ന നിബന്ധനകൾ കൂടി ബാധകമാകുന്നതാണ്.

**(i)** ദേശീയ ജൈവവൈവിധ്യ നിയമം, **2002-ലെ** വകുപ്പ് **41,** സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങൾ, **2008-ലെ** വകുപ്പ് **2 0** എന്നിവ പ്രകാരം കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലും ജൈവവൈവിധ്യ പരിപാലന സമിതികൾ (ബി.എം.സി) രൂപീകരിച്ചിട്ടുണ്ട്. മൂന്നാർ മാസ്റ്റർ പ്ലാൻ പ്രദേശത്ത് Biodiversity endemism, ecological sensitiveness മുതലായവയുടെ അടിസ്ഥാനത്തിൽ പരിസ്ഥിതിലോല പ്രദേശങ്ങളെ ഗ്രേഡ് ചെയ്യുന്നതിന് ബി. എം. സി അംഗങ്ങളെ കൂടി ഉൾപ്പെടുത്താവുന്നതാണ്.

**(ii)** മൂന്നാർ മാസ്റ്റർ പ്ലാൻ പ്രദേശത്തെ പരിസ്ഥിതി ലോല പ്രദേശങ്ങളിലെ സംരക്ഷണ പ്രവർത്തനങ്ങൾ അതാത് ബി.എം.സി.കളുടെ നേതൃത്വത്തിൽ ബി.എച്ച്.എസ്. അഥവാ 'പ്രാദേശിക ജൈവവൈവിധ്യ പഠന കേന്ദ്രം' ആയി

പ്രഖ്യാപിച്ച് സംരക്ഷിക്കാവുന്നതാണ്.

(iii) പരിസ്ഥിതി ലോല പ്രദേശങ്ങളുടെ കണ്ടെത്തലും സംരക്ഷണ നടപടികളും മൂന്നാർ മാസ്റ്റർ പ്ലാനിന്റെ ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നില്ല. മാസ്റ്റർ പ്ലാൻ തയ്യാറാക്കി അംഗീകരിച്ചു കഴിഞ്ഞാൽ അത് നിയമപരമായി അനുസരിക്കേണ്ട ഒരു നിയന്ത്രണ/ആസൂത്രണ ഉപകരണമായിരിക്കണം. ഈ മാസ്റ്റർ പ്ലാനിൽ തയ്യാറാക്കുന്ന എല്ലാ വിവരങ്ങളും സ്ഥലീയമായി ഒരു വിവര സംവിധാനത്തിൽ പൊതുജനങ്ങൾക്ക് ഉൾപ്പെടെ ലഭ്യമാവുകയും വേണം. പ്രദേശത്തിന്റെ സുസ്ഥിരമായ വികസന പുരോഗതി കാലക്രമം നിശ്ചയിച്ച് തുടർച്ചയായി നിരീക്ഷിച്ച് അളക്കുകയും രേഖപ്പെടുത്തുകയും അത് ഈ വിവര സംവിധാനത്തിന്റെ ഭാഗമായിരിക്കുകയും വേണം.

(iv) . Munnar Master Plan Cell, Joint Planning Committee (JPC) എന്നിവയിൽ പരിസ്ഥിതി വകുപ്പ് ഉൾപ്പെടെയുള്ള വകുപ്പുകളിൽ നിന്നുള്ള സാങ്കേതിക പരിജ്ഞാനമുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തുന്നതാണ്. അതോടൊപ്പം ഒരു ഭൂവിവര സംവിധാനം (Geographical Information system wing) കൂടി ചേർക്കുന്നതാണ്.

(v) . മൂന്നാർ ഹിൽ ഏരിയ അതോറിറ്റിയുടെ ഉത്തരവാദിത്തങ്ങൾ, ചുമതലകൾ എന്നിവയിൽ അനധികൃത ക്വാറി പ്രവർത്തനങ്ങൾ തടയേണ്ടതിന്റെ ആവശ്യകത ഉൾപ്പെടുത്താവുന്നതാണ്.

(vi) . മൂന്നാർ മേഖലയിലെ Waste Management-നായി കാലാവസ്ഥയും, പാരിസ്ഥിതിക ഘടനകൾക്കും അനുസൃതമായി മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ വിവിധ പഞ്ചായത്തുകളെ ഏകോപിപ്പിച്ചുകൊണ്ട് വിഭാവനം ചെയ്യാവുന്നതാണ്.

(vii.) മൂന്നാർ മേഖലയിൽ പദ്ധതികൾ ആവിഷ്ക്കരിക്കുന്ന ഘട്ടത്തിൽ വിശദമായ പരിസ്ഥിതി ഓഡിറ്റും പരിസ്ഥിതി വിഭവങ്ങളെ സംബന്ധിച്ചും, പ്രസ്തുത മേഖലയുടെ സംവഹന ശേഷി സംബന്ധിച്ചും വ്യക്തമായ ഒരു മാപ്പിംഗ് നടത്തുന്നതാണ്.

(viii) . ജൈവവൈവിധ്യ സംരക്ഷണത്തിലും പാരിസ്ഥിതി പുനരുജ്ജീവനത്തിലും ജൈവ പരിപാലന സമിതികൾക്ക് വലിയ പങ്കുണ്ട്.

അതിനാൽ പ്രാദേശിക വികസന പദ്ധതികൾ, ബിൽഡിംഗ് കോഡുകൾ, മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കുമ്പോൾ ബയോഡൈവെഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റികളുടെ പങ്ക് കൃത്യമായി നിർവ്വഹിക്കപ്പെടേണ്ടതാണ്.

(ix) . മൈഗ്രേഷനുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ മാസ്റ്റർ പ്ലാനിൽ പരിഗണിക്കപ്പെടേണ്ടതാണ്.

(x). മൂന്നാർ മാസ്റ്റർ പ്ലാൻ process- ൽ Environment & Ecology, Landscape Managers, Agriculture, Animal Husbandry, Sociology, Economics എന്നീ തലങ്ങളിലുള്ള വിദഗ്ധരെ കൂടി ഉൾപ്പെടുത്തുന്നതാണ്.

മുന്നാർ ഹിൽ ഏരിയ അതോറിറ്റിയുടെ ഉത്തരവാദിത്വങ്ങൾ/ചുമതലകൾ, മൂന്നാർ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തേണ്ട കാര്യങ്ങൾ എന്നിവ ഈ സർക്കാർ ഉത്തരവിന്റെ അനുബന്ധമായി ചേർത്തിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശാരദ മുരളീധരൻ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, ഓഡിറ്റ് കേരള, തിരുവനന്തപുരം.
3. മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം.
4. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ഐ.കെ.എം.
5. ഇൻഫോർമേഷൻ ആൻഡ് പബ്ളിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ).
6. ഡയറക്ടർ ജനറൽ, കില, തൃശ്ശൂർ
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Anilkumar C
Date: 24-04-2023 14:12:19

സെക്ഷൻ ഓഫീസർ

പകർപ്പ്:

1. പരിസ്ഥിതി വകുപ്പ്
2. ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
3. ധനകാര്യ വകുപ്പ്
4. നിയമ വകുപ്പ്
5. പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം.നം.1454, തീയതി.05.04.2023)
6. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ സി.എ - യ്ക്ക്

<u>അനുബന്ധം</u>

**മൂന്നാർ ഹിൽ ഏരിയ അതോറിറ്റിയുടെ ഉത്തരവാദിത്വങ്ങൾ/ചുമതലകൾ**

**A. മൂന്നാർ റീജിയണിലെ സാമ്പത്തിക അടിത്തറ പ്രവർത്തനങ്ങളെ (Economic Activities) പരിപോഷിപ്പിക്കുന്നതിനുള്ള നടപടി എടുക്കുക.**

1. സാമ്പത്തിക അടിത്തറ പ്രവർത്തനങ്ങളെ കുറിച്ച് പഠിക്കാൻ സമിതിയെ ചുമതലപ്പെടുത്തുക.
2. ഇതിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക അടിത്തറ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുക.
3. ഇത് സംബന്ധിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളും ബന്ധപ്പെട്ട വകുപ്പുകളും നടപ്പിലാക്കേണ്ട നടപടികൾ വ്യക്തമാക്കുക.

**B. നിർമ്മാണ പ്രവർത്തനങ്ങൾ മൂന്നാർ മാസ്റ്റർ പ്ലാനിന് അനുസൃതമാണെന്ന് ഉറപ്പു വരുത്തുക.**

75Sqm-നു മുകളിലെ വാസഗൃഹ നിർമ്മാണങ്ങൾക്കും മറ്റെല്ലാ നിർമ്മാണങ്ങൾക്കും, മൂന്നാർ മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിലാണോ എന്നു പരിശോധിച്ചു അനുമതി (NOC) നൽകുക. ഇതിന്റെ അടിസ്ഥാനത്തിൽ വേണം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ അനുമതി നൽകേണ്ടത്.

**C. മൂന്നാർ മേഖലയിലെ പശ്ചാത്തല വികസനത്തിനായി വിവിധ ഏജൻസികളുടെ ഏകോപിത പ്രവർത്തനം ഉറപ്പു വരുത്തുക.**

1. മൂന്നാർ മാസ്റ്റർ പ്ലാനിലെ വികസന നിർദ്ദേശങ്ങളുടെ പദ്ധതി റിപ്പോർട്ട് ആവശ്യമെങ്കിൽ തയ്യാറാക്കുക. ഇവ പഞ്ചായത്തുകളും, വിവിധ വികസന ഏജൻസികളും ചേർന്നു നടപ്പിലാക്കുക, പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ ഫണ്ട് കണ്ടെത്തുക.

2. മാസ്റ്റർ പ്ലാൻ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ പഞ്ചായത്തുകൾ നടപ്പിലാക്കേണ്ട സംയോജിത പദ്ധതികളെക്കുറിച്ച് തീരുമാനമെടുക്കുക, നടപ്പിലാക്കാൻ വേണ്ട നടപടി സ്വീകരിക്കുക.

3. വികസന അതോറിറ്റിയുടെ എക്സിക്യൂട്ടിവ് കമ്മിറ്റിയുടെ യോഗം എല്ലാ മാസവും കൂടേണ്ടതും, വിവിധ വകുപ്പുകളുടെ വികസന പ്രവർത്തനങ്ങളെ വിലയിരുത്തുകയും വേണം.

4. വിവിധ വകുപ്പുകളുടെ വികസന പദ്ധതികളെ സംബന്ധിച്ചും അവ നടപ്പിലാക്കുന്നതിനെ സംബന്ധിച്ചും പരാതികൾ പരിശോധിക്കുകയും, അവ പരിഹരിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുകയും ചെയ്യുക.

5. പൊതുജനങ്ങളുടെ വികസന ആവശ്യങ്ങൾ/നിർദ്ദേശങ്ങൾ പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുക, ബന്ധപ്പെട്ട വകുപ്പുകളോട് ഇവ നടപ്പിലാക്കാൻ നിർദ്ദേശിക്കുക.

6. ജനറൽ കൗൺസിൽ എക്സിക്യൂട്ടിവ് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ/മറ്റു വകുപ്പുകൾ ചെയ്യേണ്ട പ്രവർത്തനങ്ങൾ പട്ടികപ്പെടുത്തുക.

**D. മൂന്നാർ റീജിയണിലെ വസ്തുക്കളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖ തയ്യാറാക്കുക.**

മൂന്നാർ റീജയണിൽപ്പെടുന്ന വസ്തുക്കളുടെ Survey records റവന്യൂ വകുപ്പിൽ നിന്നും പകർപ്പെടുത്ത് സൂക്ഷിക്കേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ സർവ്വേ നമ്പറിലേയും ഉടമസ്ഥാവകാശ സ്ഥിതി രേഖപ്പെടുത്തി മാപ്പ് തയ്യാറാക്കണം (GIS അധിഷ്ഠിത മാപ്പ്). നിർമ്മാണ അനുമതിക്കു NOC നൽകുന്ന

അവസരത്തിൽ ഈ രേഖ പരിശോധിച്ച് ഉടമസ്ഥാവകാശം ഉറപ്പാക്കണം. പട്ടയ ഭൂമി പ്രത്യേകം രേഖപ്പെടുത്തുക. അവയുടെ അവകാശവും, നിലവിലെ വിനിയോഗവും രേഖപ്പെടുത്തുക.

**E. പരിസ്ഥിതിയെ ഹനിക്കുന്ന പ്രവർത്തനങ്ങളെയും പരിസ്ഥിതിലോല പ്രദേശങ്ങളിലെ കൈയ്യേറ്റങ്ങളെയും തടയാനുള്ള നടപടി തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്ന് സ്വീകരിക്കുക.**

1. വനം, നദീതീരം എന്നിവ ഉൾപ്പെടെ പരിസ്ഥിതിലോല പ്രദേശങ്ങളുടെ അതിരുകൾ നിർണ്ണയിച്ച് സ്ഥലത്തു രേഖപ്പെടുത്തുക. അതിരുകളുടെ Lat-Long Value, GPS-ന്റെ സഹായത്തോടെ രേഖപ്പെടുത്തി പട്ടികയാക്കി പ്രസിദ്ധീകരിക്കുക. തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചർച്ച ചെയ്തു, പൊതുജനങ്ങളുടെ അഭിപ്രായം കേട്ട ശേഷം അന്തിമമാക്കുക.
2. പരിസ്ഥിതിലോല പ്രദേശങ്ങളിലെ കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുക, കൈയ്യേറ്റങ്ങൾ തടയുക എന്നിവ തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്നു നടപ്പിൽ വരുത്തുക.
3. പരിസ്ഥിതി സംരക്ഷണത്തെ സംബന്ധിച്ച് ജനങ്ങളെ ബോധവാന്മാരാക്കുന്ന പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
4. പരിസ്ഥിതി പ്രദേശങ്ങളിലെ കൈയ്യേറ്റങ്ങളെ ജന ശ്രദ്ധയിൽ കൊണ്ടുവരുക.
5. പരിസ്ഥിതിലോല പ്രദേശങ്ങളുടെ സംരക്ഷണത്തിനായി തദ്ദേശീയരെ ഉൾപ്പെടുത്തി ‘ പരിസ്ഥിതി സേന’യെ സംഘടിപ്പിക്കുക. ഇവർക്കു സ്വതന്ത്രമായി പ്രവർത്തിക്കാനുള്ള അവസരം ഒരുക്കി നൽകുക.

**F. മൂന്നാർ മേഖലയിലെ അനധികൃത നിർമ്മാണങ്ങൾക്കെതിരെയുള്ള നടപടികൾ .**

1. നിലവിലെ അനധികൃത നിർമ്മാണങ്ങളെ അവയുടെ വിസ്തൃതി, ഉപയോഗം, ഉടമസ്ഥാവകാശം, അനധികൃത നിർമ്മാണമാകാനുള്ള കാരണം എന്നിവ ഉൾപ്പെടുത്തി പട്ടികപ്പെടുത്തുക.

2. അനധികൃത നിർമ്മാണങ്ങളെ ക്രമവത്ക്കരിക്കുന്നതിന് പൊതുമാനദണ്ഡം (കെട്ടിടത്തിന്റെ വിസ്തീർണ്ണം, ഉപയോഗം, ഉടമസ്ഥാവകാശം എന്നിവയെ സംബന്ധിച്ച്) രൂപപ്പെടുത്തുക.

3. ഈ പൊതുമാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ അനധികൃത നിർമ്മാണങ്ങളെ ക്രമവത്ക്കരിക്കുന്നതിനായി സർക്കാരിന്റെ അനുമതിയോടെ നടപടി സ്വീകരിക്കുക.

4. അനുമതി ലഭ്യമല്ലാത്തതും, മാനദണ്ഡത്തിൽപ്പെടാത്തതുമായ നിർമ്മാണങ്ങളെ പൊളിച്ചു നീക്കുകയോ സർക്കാരിലേക്കു കണ്ടുകെട്ടുകയോ ചെയ്യാനുള്ള നടപടി തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തത്തിൽ ചെയ്യുക.

5. അനധികൃത കൈയ്യേറ്റം, അനധികൃത നിർമ്മാണം മുതലായവയെക്കുറിച്ചുള്ള പരാതി പരിശോധിക്കുകയും തീരുമാനമെടുക്കുകയും ചെയ്യുക.

6. കൈയ്യേറ്റങ്ങളെയും, അനധികൃത നിർമ്മാണങ്ങളെയും കുറിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് ജനങ്ങൾക്കു സൗകര്യം ഒരുക്കുക. ഇതിനായി മൂന്നാർ ഹിൽ ഏരിയ അതോറിറ്റി ഓഫീസിൽ പരാതി സ്വീകരിക്കുന്നതിനായി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ ഉണ്ടായിരിക്കണം. കൂടാതെ online ആയി പൊതുജനങ്ങൾക്കു പരാതി നൽകാൻ സംവിധാനം ഉണ്ടാക്കുക.

## മൂന്നാർ മാസ്റ്റർ പ്ലാനിൽ ഉൾപ്പടേണ്ട കാര്യങ്ങൾ

1. മൂന്നാർ പ്രദേശത്തിന്റെ സംയോജിത വികസനം (Integrated Development).

- വിവിധവികസന മേഖലകളുടെ  സംയോജിത വികസനത്തിന് ഊന്നൽ നൽകുക. വികസന നിർദ്ദേശങ്ങൾ, Land, people and activity എന്നിവയുടെ പരസ്പരബന്ധത്തിന്റെ അടിസ്ഥാനത്തിലും sector linkage-ന്റെ അടിസ്ഥാനത്തിലും രൂപപ്പെടുത്തുക.
- സംന്തുലിത വികസനം (balanced development), മൂന്നാർ മാസ്റ്റർ പ്ലാനിന്റെ vision ആയിരിക്കണം. ടൂറിസം വികസനത്തിന് ഊന്നൽ നൽകുമ്പോൾ, പരിസ്ഥിതി സംരക്ഷണം പിന്നിലേയ്ക്ക് പോകരുത്. അതുപോലെ മറിച്ചും.

- പരിസ്ഥിതി സംരക്ഷണം, ടൂറിസം എന്നിവയ്ക്കു ഊന്നൽ നൽകുമ്പോൾ തദ്ദേശീയരുടെ വാസകേന്ദ്രങ്ങളും തൊഴിലിടങ്ങളും പിന്നിലേയ്ക്ക് പോകരുത്.
- മൂന്നാറിന് അനുയോജ്യമായ വികസന മാതൃകകൾ, ടൂറിസം മുതലായവ തദ്ദേശീയ വികസനത്തിനുതകുന്ന രീതിയിൽ എങ്ങനെ പ്രയോജനപ്പെടുത്താം, തദ്ദേശീയർ നേരിടുന്ന പ്രശ്നങ്ങൾ (പ്രത്യേകിച്ചും സ്ത്രീകളുടെയും കുട്ടികളുടെയും) എങ്ങനെ പരിഹരിക്കാം എന്നിവ ഈ വികസന കാഴ്ചപ്പാടിന്റെ ഘടകങ്ങളായിരിക്കണം.

2. പരിസ്ഥിതിലോല (Environmental sensitive ) പ്രദേശങ്ങളുടെ കണ്ടെത്തലും സംരക്ഷണത്തിനുവേണ്ട നടപടികളും

- മൂന്നാർ മാസ്റ്റർ പ്ലാൻ പ്രദേശത്തെ പരിസ്ഥിതിലോല പ്രദേശങ്ങൾ രേഖപ്പെടുത്തുകയും, Bio-diversity Endemism, Ecological Sensitiveness മുതലായവയുടെ അടിസ്ഥാനത്തിൽ പരിസ്ഥിതിലോല പ്രദേശങ്ങളെ grade ചെയ്യുക. (ഇതിനായി Oommen V Oomen Committee Report പരിഗണിക്കാവുന്നതാണ്. ഇതിൽ Cadastral Level-ൽ -ESA രേഖപ്പെടുത്തിയിട്ടുണ്ട്).
- മൂന്നാർ മാസ്റ്റർ പ്ലാൻ പ്രദേശത്തെ പരിസ്ഥിതിലോല പ്രദേശങ്ങൾ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങളെ രേഖപ്പെടുത്തുക.
- പരിസ്ഥിതിലോല പ്രദേശങ്ങളെ എങ്ങനെ local economic base-നു സഹായകരമാക്കാമെന്ന് (വനവിഭവങ്ങൾ, tourist guide) കണ്ടെത്തുക.
- പരിസ്ഥിതിലോല പ്രദേശങ്ങളുടെ സംരക്ഷണം തദ്ദേശിയരെ ഉൾപ്പെടുത്തി നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ രൂപീകരിച്ചു മാസ്റ്റർ പ്ലാനിന്റെ ഭാഗമാക്കുക.
- സോണിംഗിലൂടെയുള്ള പരിസ്ഥിതിലോല പ്രദേശങ്ങളുടെ സംരക്ഷണം (Protection of Ecologically Sensitive Area through zoning).

3. സാമ്പത്തിക അടിത്തറയെ പരിപോഷിപ്പിക്കുന്നതിനുള്ള നടപടികൾ (Protection and upliftment of the economic base).

- ജനങ്ങളുടെ സാമൂഹിക സാമ്പത്തിക സ്ഥിതിയെകുറിച്ചു സർവേയിലൂടെ മനസ്സിലാക്കുക.
- സാമൂഹിക സാമ്പത്തിക സ്ഥിതിയെ ഗുണപരമായി മാറ്റുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളിക്കുക.

4. ഉത്തരവാദിത്വ ടൂറിസത്തിന്റെ **(responsible tourism)** വിവിധ **dimensions (social, economical)** നിർവചിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുക.

- വിനോദസഞ്ചാര മേഖലയിലെ വിവിധ പ്രവർത്തികളിൽ (ടൂറിസ്റ്റ് ഗൈഡ്, ഹോംസ്റ്റേ, തദ്ദേശിയ ഭക്ഷണ വിഭവങ്ങൾ, തദ്ദേശീയ കലകൾ) തദ്ദേശ്ശിയരെ ഉൾപ്പെടുത്തുന്ന നിർദ്ദേശങ്ങൾ മാസ്റ്റർ പ്ലാനിന്റെ ഭാഗമാക്കുക.
- വിനോദസഞ്ചാര മേഖലയുടെ സംരക്ഷണം തദ്ദേശിയരുടെ പങ്കാളിത്തതോടെ എങ്ങനെ നടപ്പാക്കണമെന്ന കാര്യം മാസ്റ്റർപ്ലാനിന്റെ ഭാഗമാക്കുക.

5. മൂന്നാർ റീജിയണിനുള്ള (സ്കൂളുകൾ, ആശുപത്രി, കളിസ്ഥലങ്ങൾ, റോഡ് ശൃംഖല, കുടിവെള്ള വിതരണ സംവിധാനം മുതലായവ) പശ്ചാത്തല സൗകര്യങ്ങളെ അടയാളപ്പെടുത്തുക, നിലവിലെ സ്ഥിതി, വേണ്ടുന്ന മാറ്റങ്ങൾ എന്നിവ ഉൾപ്പെടുത്തുക.

6. വികസന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ വികസന പദ്ധതികളെ രൂപീകരിക്കുക. വിവിധ വകുപ്പുകൾ മുഖേനയും, പഞ്ചായത്തുകൾ മുഖേനയും, മറ്റ് വികസന ഏജൻസികൾ മുഖേനയും നടപ്പിലാക്കേണ്ട പദ്ധതികൾ പ്രത്യേകം പട്ടികപ്പെടുത്തുക.

7. മൂന്നാറിലെ പ്രകൃതിയ്ക്കും സുസ്ഥിര വികസനത്തിനും അനുയോജ്യമായ കെട്ടിടനിർമ്മാണ ചട്ടങ്ങൾ/**Development Control Regulation**, മുന്നാർ മാസ്റ്റർ പ്ലാനിന്റെ ഭാഗമായി ഉൾപ്പെടുത്തുക.

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണവകുപ്പ് - മൂന്നാർ പ്രദേശത്ത് സുസ്ഥിര വികസനം സാധ്യമാക്കുന്നതിനും അനധികൃത കൈയ്യേറ്റങ്ങളിലും നിർമ്മാണങ്ങളിലും ഉചിതമായ തീരുമാനമെടുക്കുന്നതിനും പ്രദേശത്തിന്റെ പാരിസ്ഥിതിക സവിശേഷതകൾ സംരക്ഷിക്കുന്നതിനുമായി മൂന്നാർ ഹിൽ ഏരിയ അതോറിറ്റി രൂപീകരിക്കുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്**

സ.ഉ.(കൈ) നം.**96/2023/LSGD** തീയതി,തിരുവനന്തപുരം, **20-04-2023**

---

പരാമർശം:- **1. 11.01.2021**-നു ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷത യിൽ ചേർന്ന യോഗനടപടിക്കുറിപ്പ്.

**2.** പഞ്ചായത്തു ഡയറക്ടറുടെ **04.05.2021** -തീയതിയിലെ **PAN/2704/2021-C1(DP)** നമ്പർ കത്ത്.

**3.** മുഖ്യനഗരാസൂത്രകന്റെ **10.03.2022** തീയതിയിലെ **TCPCTP/1350/2020-E3** നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഇടുക്കി - മൂന്നാർ മേഖലയിലെ ഭൂപ്രശ്നങ്ങൾ സംബന്ധിച്ച് പരാമർശം (1) പ്രകാരമുള്ള യോഗത്തിൽ മൂന്നാർ പ്രദേശത്ത് സുസ്ഥിര വികസനം സാധ്യമാക്കുന്നതിനും അനധികൃത കൈയ്യേറ്റങ്ങളിലും നിർമ്മാണങ്ങളിലും ഉചിതമായ തീരുമാനമെടുക്കുന്നതിനും ഒപ്പം ഈ പ്രദേശത്തിന്റെ പാരിസ്ഥിതിക സവിശേഷതകൾ സംരക്ഷിക്കുന്നതിനുമായി ഒരു വികസന അതോറിറ്റി രൂപീകരിക്കുന്നതിന്റെ സാധ്യത പരിശോധിക്കുവാനുള്ള തീരുമാനം കൈക്കൊള്ളുകയുണ്ടായി.

(2) മൂന്നാർ മേഖലയിലെ പഞ്ചായത്തുകളുടെ ഒറ്റയ്ക്ക്-ഒറ്റയ്ക്കുള്ള പ്രവർത്തനത്തിലുപരി, ദീർഘവീക്ഷണ കാഴ്ചപ്പാടോടെ മൂന്നാറിന്റെയും

സമീപ പ്രദേശങ്ങളുടെയും വികസനം ആസൂത്രണം ചെയ്യുകയും, അതിന്റെ അടിസ്ഥാനത്തിൽ വികസന പദ്ധതികൾ രൂപീകരിച്ചു നടപ്പിലാക്കുകയും, അനധികൃത കൈയ്യേറ്റങ്ങൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതിനും, ഇതിനായി ഭരണ സംവിധാനത്തെ ഏകോപിപ്പിക്കുകയും ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തുകളുടെ തദ്ദേശസ്വയംഭരണ സ്ഥാപനം എന്ന അധികാരത്തിലേക്കു കടന്നുകയറാതെയുള്ള ഒരു ഏകോപന സംവിധാനം എന്ന നിലയ്ക്കാണ് മൂന്നാർ ഹിൽ ഏരിയ അതോറിറ്റി രൂപീകരിക്കുന്നത്; അതിന്റെ ഭാഗമായി താഴെ പറയുന്ന കാര്യങ്ങളിൽ ഉത്തരവാകുന്നു:

I. മൂന്നാർ, ദേവികുളം, മറയൂർ, ഇടമലക്കുടി, കാന്തല്ലൂർ, വട്ടവട, മാങ്കുളം എന്നീ പഞ്ചായത്തുകൾ, ചിന്നക്കനാൽ പഞ്ചായത്തിലെ 8 (ബി.എൽ.റാം) ഉം 13 (മുട്ടുക്കാട്) ഉം വാർഡുകൾ ഒഴിച്ചുള്ള മേഖലകൾ, പള്ളിവാസൽ പഞ്ചായത്തിലെ 4 ഉം 5 ഉം വാർഡുകൾ എന്നിവ ഉൾപ്പെടുത്തി 2016-ലെ കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്റ്റിലെ വകുപ്പ് 40-ൽ നിഷ്ക്കർഷിച്ചിരിക്കുന്ന പ്രകാരം, ഒരു ജോയിന്റ് ആസൂത്രണ പ്രദേശമായി പ്രഖ്യാപിച്ചുകൊണ്ടു ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്.

II. മേൽപ്പറഞ്ഞ ജോയിന്റ് ആസൂത്രണ പ്രദേശത്തിനു വേണ്ടി മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയോ തയ്യാറാക്കിക്കുകയോ ചെയ്യുന്നതിനായി, 2016-ലെ കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്റ്റിലെ വകുപ്പ് 4 1 പ്രകാരം, ഗസറ്റ് വിജ്ഞാപനം വഴി ജോയിന്റ് ആസൂത്രണ കമ്മിറ്റി രൂപീകരിക്കുന്നതാണ്.

III. 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാൻ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങൾ ചട്ടം 27(2)-ൽ നിഷ്ക്കർഷിച്ചിരിക്കുന്ന പ്രകാരമുള്ള അംഗങ്ങൾ ഉൾപ്പെടുന്നതായിരിക്കും പ്രസ്തുത ജോയിന്റ് ആസൂത്രണ കമ്മിറ്റിയുടെ ഘടന. അത് താഴെപ്പറയും പ്രകാരമാണ്:

(i) ചെയർ പേഴ്സൺ : ജോയിന്റ് ആസൂത്രണ പ്രദേശത്തെ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ഗ്രാമപഞ്ചായത്തിന്റെ പ്രസിഡന്റ് അല്ലെങ്കിൽ

സർക്കാർ നിയമിക്കുന്ന പ്രകാരം.

(ii) അംഗം : ജോയിന്റ് ആസൂത്രണ പ്രദേശത്തിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ ഗ്രാമപഞ്ചായത്തിന്റെയും പ്രസിഡന്റ്മാർ.

(iii) അംഗങ്ങൾ : ജോയിന്റ് ആസൂത്രണ പ്രദേശത്തിൽ ഉൾപ്പെട്ടിട്ടുള്ള തിരഞ്ഞെടുക്കപ്പെട്ട മറ്റു ഗ്രാമപഞ്ചായത്ത് അംഗങ്ങൾ ഉൾപ്പെട്ടിട്ടുള്ള തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ ജനസംഖ്യയുടെ അനുപാതത്തിൽ തിരഞ്ഞെടുത്തത്.

[എന്നാൽ, (i), (ii), (iii) എന്നിവ പ്രകാരം തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ ആകെ എണ്ണം, ജോയിന്റ് ആസൂത്രണ കമ്മിറ്റിയിലെ ആകെ അംഗബലത്തിന്റെ മൂന്നിൽ രണ്ട് കുറയാത്ത രീതിയിൽ നിശ്ചയിക്കേണ്ടതാണ്]

(iv) മെമ്പർ സെക്രട്ടറി : ആ പ്രദേശത്ത് അധികാരിതയുള്ള തദ്ദേശസ്വയംഭരണ വകുപ്പ് (പ്ലാനിംഗ്)-ന്റെ ജില്ലാതല ഉദ്യോഗസ്ഥൻ.

(v) വിദഗ്ധ അംഗങ്ങൾ : കമ്മിറ്റിയുടെ കൃത്യനിർവ്വഹണത്തിന് ആവശ്യമായ പ്രത്യേക യോഗ്യത ഉള്ളതോ അല്ലെങ്കിൽ നഗര-ഗ്രാമാസൂത്രണം/പരിസ്ഥിതി/വിനോദ സഞ്ചാരം/അടിസ്ഥാന സൗകര്യ ആസൂത്രണത്തിൽ വൈദഗ്ദ്ധ്യം ഉള്ളതോ ആയവരിൽ നിന്നും നാമനിർദ്ദേശം ചെയ്ത മൂന്നിൽ കൂടാത്ത ആളുകൾ, അവരിൽ ഒരാൾക്കെങ്കിലും നഗര-ഗ്രാമാസൂത്രണത്തിലോ നഗര/സ്ഥലപര ആസൂത്രണത്തിലോ പ്രത്യേക യോഗ്യത ഉണ്ടായിരിക്കേണ്ടതാണ്.

(vi) അംഗങ്ങൾ : ജോയിന്റ് ആസൂത്രണ പ്രദേശത്തിൽ ഉൾപ്പെട്ടിട്ടുള്ള ഗ്രാമപഞ്ചായത്തിന്റെ സെക്രട്ടറിമാർ.

(vii) കൺവീനർ : ഏത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റ് ആണ് പ്രസ്തുത ജോയിന്റ് ആസൂത്രണ കമ്മിറ്റിയുടെ ചെയർപേഴ്സൺ ആയി നിയമിക്കപ്പെട്ടിട്ടുള്ളത്, അതിന്റെ സെക്രട്ടറി കൺവീനർ ആയിരിക്കേണ്ടതാണ്.

മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനോ തയ്യാറാക്കിക്കുകയോ ചെയ്യുന്നതിനായി സ്പെഷ്യൽ ഫംഗ്ഷൻ ഏജൻസികൾ രൂപീകരിക്കുന്നതിനും, അവയുടെ

ചുമതലകൾ നിർണ്ണയിക്കുന്നതിനും, ആവശ്യമെങ്കിൽ അവർക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുമുള്ള അധികാരം, 2016-ലെ കേരള ടൗൺ & കൺട്രി പ്ലാനിംഗ് ആക്ടിലെ വകുപ്പ് 42 (ii)-ൽ വിവക്ഷിച്ചിരിക്കുന്ന പ്രകാരം, ജോയിന്റ് ആസൂത്രണ കമ്മിറ്റിക്ക് ഉണ്ടായിരിക്കുന്നതാണ്. മൂന്നാർ മാസ്റ്റർ പ്ലാൻ തയ്യാറാക്കി അംഗീകരിക്കപ്പെടുന്നതോടെ ജോയിന്റ് ആസൂത്രണ കമ്മിറ്റിയുടെ ഉത്തരവാദിത്വം പൂർണ്ണമാകുന്നു.

IV. മൂന്നാർ, ദേവികുളം, മറയൂർ, ഇടമലക്കുടി, കാന്തല്ലൂർ, വട്ടവട, മാങ്കുളം എന്നീ പഞ്ചായത്തുകൾ, ചിന്നക്കനാൽ പഞ്ചായത്തിലെ 8 ഉം 1 3 ഉം വാർഡുകൾ ഒഴിച്ചുള്ള മേഖലകൾ, പള്ളിവാസൽ പഞ്ചായത്തിലെ 4, 5 വാർഡുകൾ എന്നിവ ഉൾപ്പെടുത്തി 2016-ലെ കേരള ടൗൺ & കൺട്രി പ്ലാനിംഗ് ആക്ടിലെ വകുപ്പ് 51-ൽ നിഷ്ക്കർഷിച്ചിരിക്കുന്ന ഘടനയിലായിരിക്കും മൂന്നാർ ഹിൽ ഏരിയ അതോറിറ്റി രൂപീകരിക്കുക. 2016-ലെ കേരള ടൗൺ & കൺട്രി പ്ലാനിംഗ് ആക്ടിലെ വകുപ്പ് 53-ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം രൂപീകരിക്കുന്ന മൂന്നാർ ഹിൽ ഏരിയ അതോറിറ്റി, ജനറൽ കൗൺസിൽ, എക്സിക്യൂട്ടിവ് കമ്മിറ്റി എന്നിവ അടങ്ങിയതാണ്. ജനറൽ കൗൺസിലിന്റെയും എക്സിക്യൂട്ടിവ് കമ്മിറ്റിയുടെയും ഉത്തരവാദിത്തങ്ങൾ 2015-ലെ Kerala Town and Country Planning (Development Authorities) Rules വകുപ്പ് 3-ൽ നിഷ്ക്കർഷിച്ചിട്ടുള്ളതാണ്.

മൂന്നാർ ഹിൽ ഏരിയ അതോറിറ്റിയുടെ ജനറൽ കൗൺസിലിൽ, 2016-ലെ കേരള ടൗൺ & കൺട്രി പ്ലാനിംഗ് ആക്ടിലെ വകുപ്പ് 5 4 പ്രകാരം, താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്:

(i). വികസന അതോറിറ്റിയുടെ ചെയർമാൻ – എക്സ്-ഒഫിഷ്യോ, അദ്ദേഹം ജനറൽ കൗൺസിലിന്റെ ചെയർമാൻ ആയിരിക്കുന്നതാണ്;

(ii). ഏതു പ്രദേശത്തിനു വേണ്ടിയാണോ വികസന അതോറിറ്റി രൂപീകരിച്ചിട്ടുള്ളത്, ആ പ്രദേശത്ത് അധികാരിതയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അംഗങ്ങൾക്കിടയിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ടിൽ കുറയാത്ത ആളുകൾ;

(iii). വികസന അതോറിറ്റിയുടെ അധികാര പരിധിക്കുള്ളിലുള്ള ഏതെങ്കിലും പ്രദേശത്തെ പ്രതിനിധീകരിക്കുന്ന സംസ്ഥാന നിയമസഭയിലെ അംഗങ്ങൾ; എന്നാൽ, വികസന അതോറിറ്റിയുടെ അധികാര പരിധിക്കുള്ളിലുള്ള ഏതെങ്കിലും പ്രദേശത്തെ പ്രതിനിധീകരിക്കുന്ന ഏതെങ്കിലും നിയമസഭാംഗം ഒരു മന്ത്രിയുടെ പദവി വഹിക്കുകയാണെങ്കിൽ, അദ്ദേഹത്തിന് അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിൽ നിന്നും ഒരാളെ ജനറൽ കൗൺസിലിൽ അദ്ദേഹത്തെ പ്രതിനിധീകരിക്കുന്നതിനായി നാമനിർദ്ദേശം ചെയ്യാവുന്നതാണ്.

(iv). ജില്ലയിലെ തദ്ദേശസ്വയംഭരണ വകുപ്പ് (പ്ലാനിംഗ്)-ലെ ടൗൺ പ്ലാനർ, ബന്ധപ്പെട്ട പ്രദേശത്തെ കേരള സംസ്ഥാന പൊതുമരാമത്ത് വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ (നിരത്തുകളും പാലങ്ങളും).

(v). നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള രീതിയിൽ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന എട്ടിൽ കൂടാത്ത മറ്റ് ആളുകൾ.

(vi). വികസന അതോറിറ്റിയുടെ മെമ്പർ സെക്രട്ടറി, ടൗൺ പ്ലാനറുടെ പദവിയിൽ താഴെയല്ലാത്ത, നഗര-ഗ്രാമാസൂത്രണത്തിലോ മുനിസിപ്പൽ അഡ്മിനിസ്ട്രേഷനിലോ പത്തു വർഷത്തിൽ കുറയാത്ത പ്രവൃത്തിപരിചയമുള്ള ഒരു സർക്കാർ ഉദ്യോഗസ്ഥൻ ആയിരിക്കേണ്ടതാണ്.

[2015-ലെ Kerala Town & Country Planning (Development Authority) Rules ചട്ടം 3 (1) പ്രകാരം ജനറൽ കൗൺസിലിൽ 20 അംഗങ്ങളാണ് (ചെയർമാൻ ഒഴികെ) ഉണ്ടാവുക]

മൂന്നാർ ഹിൽ ഏരിയ അതോറിറ്റിയുടെ എക്സിക്യൂട്ടിവ് കമ്മിറ്റിയിൽ, 2016-ലെ കേരള ടൗൺ & കൺട്രി പ്ലാനിംഗ് ആക്റ്റിലെ വകുപ്പ് 5 5 പ്രകാരം, താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്:

(a) വികസന അതോറിറ്റിയുടെ ചെയർമാൻ, എക്സ്-ഒഫിഷ്യോ; അദ്ദേഹം എക്സിക്യുട്ടീവ് കമ്മിറ്റിയുടെ ചെയർമാൻ

ആയിരിക്കുന്നതാണ്;

(b) ടി ആക്റ്റിലെ 54-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിൻകീഴിൽ നാമനിർദ്ദേശം ചെയ്യപ്പെട്ട ജനറൽ കൗൺസിൽ അംഗങ്ങൾക്കിടയിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, ജനറൽ കൗൺസിലിന്റെ അംഗസംഖ്യയെ ആശ്രയിച്ച്, രണ്ടിൽ കൂടാത്ത ആളുകൾ;

(c) ടി ആക്റ്റിലെ 54-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (സി) ഖണ്ഡത്തിൻകീഴിൽ നാമനിർദ്ദേശം ചെയ്യപ്പെട്ട ജനറൽ കൗൺസിൽ അംഗങ്ങൾക്കിടയിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ജനറൽ കൗൺസിലിന്റെ അംഗസംഖ്യയെ ആശ്രയിച്ച്, നാലിൽ കൂടാത്ത ആളുകൾ;

(d) ഇടുക്കി ജില്ലയിലെ തദ്ദേശസ്വയംഭരണ വകുപ്പ് (പ്ലാനിംഗ്)-ലെ ടൗൺ പ്ലാനർ, ബന്ധപ്പെട്ട പ്രദേശത്തെ കേരള സംസ്ഥാന പൊതുമരാമത്ത് വകുപ്പിലെ എക്സിക്യുട്ടീവ് എഞ്ചിനീയർ (നിരത്തുകളും പാലങ്ങളും);

(e) ടി ആക്റ്റിലെ 54-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ഇ) ഖണ്ഡത്തിൻകീഴിൽ നാമനിർദ്ദേശം ചെയ്യപ്പെട്ട ജനറൽ കൗൺസിൽ അംഗങ്ങൾക്കിടയിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, ജനറൽ കൗൺസിലിന്റെ അംഗസംഖ്യയെ ആശ്രയിച്ച്, രണ്ടിൽ കൂടാത്ത ആളുകൾ;

(f) വികസന അതോറിറ്റിയുടെ മെമ്പർ സെക്രട്ടറി, എക്സ്-ഒഫിഷ്യോ.

[2015-ലെ Kerala Town & Country Planning (Development Authority) Rules ചട്ടം 4 (1) പ്രകാരം എക്സിക്യൂട്ടിവ് കമ്മിറ്റിയിൽ 10 അംഗങ്ങളാണ് ഉണ്ടാവുക.]

2015-ലെ Kerala Town & Country Planning (Development Authority) Rules ചട്ടം 15-ൽ നിഷ്ക്കർഷിച്ചിരിക്കുന്ന പ്രകാരം മൂന്നാർ ഹിൽ ഏരിയ

അതോറിറ്റിയുടെ ഓഫീസിന് താഴെപ്പറയുന്ന വിഭാഗങ്ങളുണ്ടാകും:

**(i) Ministerial Wing**

**(ii) Engineering Wing**

**(iii) Special Function Wing – 2016**-ലെ **Kerala Town & Country Planning Act**-ലെ **section 56(iii)**-ന് അനുസൃതമായി രൂപീകരിക്കപ്പെടുന്ന രണ്ട് **Special Function** വിഭാഗങ്ങളുണ്ടാകും - പ്ലാനിംഗ് വിഭാഗവും **(Planning Wing)** & നിയമ വിഭാഗവും **(Legal Wing)**. പ്ലാനിംഗ് വിഭാഗത്തിൽ പരിസ്ഥിതി സുസ്ഥിര വികസനവും ഉൾപ്പെടുന്നതായിരിക്കും.

V. പ്രസ്തുത അതോറിറ്റിക്ക് കീഴിലുള്ള വിവിധ വിഭാഗങ്ങളിലെ തസ്തികകളിലേക്കുള്ള യോഗ്യതകളും നിയമനരീതിയും **2015**-ലെ **Kerala Town & Country Planning (Development Authority)** ചട്ടങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന പ്രകാരമായിരിക്കും.

VI. മൂന്നാർ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് സംബന്ധിച്ച് താഴെ പറയുന്ന നിബന്ധനകൾ കൂടി ബാധകമാകുന്നതാണ്.

**(i)** ദേശീയ ജൈവവൈവിധ്യ നിയമം, **2002**-ലെ വകുപ്പ് **41**, സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങൾ, **2008**-ലെ വകുപ്പ് **2 0** എന്നിവ പ്രകാരം കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലും ജൈവവൈവിധ്യ പരിപാലന സമിതികൾ (ബി.എം.സി) രൂപീകരിച്ചിട്ടുണ്ട്. മൂന്നാർ മാസ്റ്റർ പ്ലാൻ പ്രദേശത്ത് Biodiversity endemism, ecological sensitiveness മുതലായവയുടെ അടിസ്ഥാനത്തിൽ പരിസ്ഥിതിലോല പ്രദേശങ്ങളെ ഗ്രേഡ് ചെയ്യുന്നതിന് ബി. എം. സി അംഗങ്ങളെ കൂടി ഉൾപ്പെടുത്താവുന്നതാണ്.

**(ii)** മൂന്നാർ മാസ്റ്റർ പ്ലാൻ പ്രദേശത്തെ പരിസ്ഥിതി ലോല പ്രദേശങ്ങളിലെ സംരക്ഷണ പ്രവർത്തനങ്ങൾ അതാത് ബി.എം.സി.കളുടെ നേതൃത്വത്തിൽ ബി.എച്ച്.എസ്. അഥവാ ‘പ്രാദേശിക ജൈവവൈവിധ്യ പഠന കേന്ദ്രം’ ആയി

പ്രഖ്യാപിച്ച് സംരക്ഷിക്കാവുന്നതാണ്.

(iii) പരിസ്ഥിതി ലോല പ്രദേശങ്ങളുടെ കണ്ടെത്തലും സംരക്ഷണ നടപടികളും മൂന്നാർ മാസ്റ്റർ പ്ലാനിന്റെ ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നില്ല. മാസ്റ്റർ പ്ലാൻ തയ്യാറാക്കി അംഗീകരിച്ചു കഴിഞ്ഞാൽ അത് നിയമപരമായി അനുസരിക്കേണ്ട ഒരു നിയന്ത്രണ/ആസൂത്രണ ഉപകരണമായിരിക്കണം. ഈ മാസ്റ്റർ പ്ലാനിൽ തയ്യാറാക്കുന്ന എല്ലാ വിവരങ്ങളും സ്ഥലീയമായി ഒരു വിവര സംവിധാനത്തിൽ പൊതുജനങ്ങൾക്ക് ഉൾപ്പെടെ ലഭ്യമാവുകയും വേണം. പ്രദേശത്തിന്റെ സുസ്ഥിരമായ വികസന പുരോഗതി കാലക്രമം നിശ്ചയിച്ച് തുടർച്ചയായി നിരീക്ഷിച്ച് അളക്കുകയും രേഖപ്പെടുത്തുകയും അത് ഈ വിവര സംവിധാനത്തിന്റെ ഭാഗമായിരിക്കുകയും വേണം.

(iv) . Munnar Master Plan Cell, Joint Planning Committee (JPC) എന്നിവയിൽ പരിസ്ഥിതി വകുപ്പ് ഉൾപ്പെടെയുള്ള വകുപ്പുകളിൽ നിന്നുള്ള സാങ്കേതിക പരിജ്ഞാനമുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തുന്നതാണ്. അതോടൊപ്പം ഒരു ഭൂവിവര സംവിധാനം (Geographical Information system wing) കൂടി ചേർക്കുന്നതാണ്.

(v) . മൂന്നാർ ഹിൽ ഏരിയ അതോറിറ്റിയുടെ ഉത്തരവാദിത്തങ്ങൾ, ചുമതലകൾ എന്നിവയിൽ അനധികൃത ക്വാറി പ്രവർത്തനങ്ങൾ തടയേണ്ടതിന്റെ ആവശ്യകത ഉൾപ്പെടുത്താവുന്നതാണ്.

(vi) . മൂന്നാർ മേഖലയിലെ Waste Management-നായി കാലാവസ്ഥയും, പാരിസ്ഥിതിക ഘടനകൾക്കും അനുസൃതമായി മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ വിവിധ പഞ്ചായത്തുകളെ ഏകോപിപ്പിച്ചുകൊണ്ട് വിഭാവനം ചെയ്യാവുന്നതാണ്.

(vii.) മൂന്നാർ മേഖലയിൽ പദ്ധതികൾ ആവിഷ്ക്കരിക്കുന്ന ഘട്ടത്തിൽ വിശദമായ പരിസ്ഥിതി ഓഡിറ്റും പരിസ്ഥിതി വിഭവങ്ങളെ സംബന്ധിച്ചും, പ്രസ്തുത മേഖലയുടെ സംവഹന ശേഷി സംബന്ധിച്ചും വ്യക്തമായ ഒരു മാപ്പിംഗ് നടത്തുന്നതാണ്.

(viii) . ജൈവവൈവിധ്യ സംരക്ഷണത്തിലും പാരിസ്ഥിതി പുനരുജ്ജീവനത്തിലും ജൈവ പരിപാലന സമിതികൾക്ക് വലിയ പങ്കുണ്ട്.

അതിനാൽ പ്രാദേശിക വികസന പദ്ധതികൾ, ബിൽഡിംഗ് കോഡുകൾ, മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കുമ്പോൾ ബയോഡൈവെഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റികളുടെ പങ്ക് കൃത്യമായി നിർവ്വഹിക്കപ്പെടേണ്ടതാണ്.

(ix) . മൈഗ്രേഷനുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ മാസ്റ്റർ പ്ലാനിൽ പരിഗണിക്കപ്പെടേണ്ടതാണ്.

(x). മൂന്നാർ മാസ്റ്റർ പ്ലാൻ process- ൽ Environment & Ecology, Landscape Managers, Agriculture, Animal Husbandry, Sociology, Economics എന്നീ തലങ്ങളിലുള്ള വിദഗ്ധരെ കൂടി ഉൾപ്പെടുത്തുന്നതാണ്.

മുന്നാർ ഹിൽ ഏരിയ അതോറിറ്റിയുടെ ഉത്തരവാദിത്വങ്ങൾ/ചുമതലകൾ, മൂന്നാർ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തേണ്ട കാര്യങ്ങൾ എന്നിവ ഈ സർക്കാർ ഉത്തരവിന്റെ അനുബന്ധമായി ചേർത്തിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, ഓഡിറ്റ് കേരള, തിരുവനന്തപുരം.
3. മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം.
4. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ഐ.കെ.എം.
5. ഇൻഫോർമേഷൻ ആൻഡ് പബ്ളിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ).
6. ഡയറക്ടർ ജനറൽ, കില, തൃശ്ശൂർ
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Anilkumar C
Date: 24-04-2023 14:12:19
സെക്ഷൻ ഓഫീസർ

പകർപ്പ്:

1. പരിസ്ഥിതി വകുപ്പ്
2. ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
3. ധനകാര്യ വകുപ്പ്
4. നിയമ വകുപ്പ്
5. പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം.നം.1454, തീയതി.05.04.2023)
6. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ സി.എ - യ്ക്ക്

<u>അനുബന്ധം</u>

**മൂന്നാർ ഹിൽ ഏരിയ അതോറിറ്റിയുടെ ഉത്തരവാദിത്വങ്ങൾ/ചുമതലകൾ**

**A. മൂന്നാർ റീജിയണിലെ സാമ്പത്തിക അടിത്തറ പ്രവർത്തനങ്ങളെ (Economic Activities) പരിപോഷിപ്പിക്കുന്നതിനുള്ള നടപടി എടുക്കുക.**

1. സാമ്പത്തിക അടിത്തറ പ്രവർത്തനങ്ങളെ കുറിച്ച് പഠിക്കാൻ സമിതിയെ ചുമതലപ്പെടുത്തുക.
2. ഇതിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക അടിത്തറ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുക.
3. ഇത് സംബന്ധിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളും ബന്ധപ്പെട്ട വകുപ്പുകളും നടപ്പിലാക്കേണ്ട നടപടികൾ വ്യക്തമാക്കുക.

**B. നിർമ്മാണ പ്രവർത്തനങ്ങൾ മൂന്നാർ മാസ്റ്റർ പ്ലാനിന് അനുസൃതമാണെന്ന് ഉറപ്പു വരുത്തുക.**

75Sqm-നു മുകളിലെ വാസഗൃഹ നിർമ്മാണങ്ങൾക്കും മറ്റെല്ലാ നിർമ്മാണങ്ങൾക്കും, മൂന്നാർ മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിലാണോ എന്നു പരിശോധിച്ചു അനുമതി (NOC) നൽകുക. ഇതിന്റെ അടിസ്ഥാനത്തിൽ വേണം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ അനുമതി നൽകേണ്ടത്.

**C. മൂന്നാർ മേഖലയിലെ പശ്ചാത്തല വികസനത്തിനായി വിവിധ ഏജൻസികളുടെ ഏകോപിത പ്രവർത്തനം ഉറപ്പു വരുത്തുക.**

1. മൂന്നാർ മാസ്റ്റർ പ്ലാനിലെ വികസന നിർദ്ദേശങ്ങളുടെ പദ്ധതി റിപ്പോർട്ട് ആവശ്യമെങ്കിൽ തയ്യാറാക്കുക. ഇവ പഞ്ചായത്തുകളും, വിവിധ വികസന ഏജൻസികളും ചേർന്നു നടപ്പിലാക്കുക, പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ ഫണ്ട് കണ്ടെത്തുക.

2. മാസ്റ്റർ പ്ലാൻ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ പഞ്ചായത്തുകൾ നടപ്പിലാക്കേണ്ട സംയോജിത പദ്ധതികളെക്കുറിച്ച് തീരുമാനമെടുക്കുക, നടപ്പിലാക്കാൻ വേണ്ട നടപടി സ്വീകരിക്കുക.

3. വികസന അതോറിറ്റിയുടെ എക്സിക്യൂട്ടിവ് കമ്മിറ്റിയുടെ യോഗം എല്ലാ മാസവും കൂടേണ്ടതും, വിവിധ വകുപ്പുകളുടെ വികസന പ്രവർത്തനങ്ങളെ വിലയിരുത്തുകയും വേണം.

4. വിവിധ വകുപ്പുകളുടെ വികസന പദ്ധതികളെ സംബന്ധിച്ചും അവ നടപ്പിലാക്കുന്നതിനെ സംബന്ധിച്ചും പരാതികൾ പരിശോധിക്കുകയും, അവ പരിഹരിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുകയും ചെയ്യുക.

5. പൊതുജനങ്ങളുടെ വികസന ആവശ്യങ്ങൾ/നിർദ്ദേശങ്ങൾ പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുക, ബന്ധപ്പെട്ട വകുപ്പുകളോട് ഇവ നടപ്പിലാക്കാൻ നിർദ്ദേശിക്കുക.

6. ജനറൽ കൗൺസിൽ എക്സിക്യൂട്ടിവ് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ/മറ്റു വകുപ്പുകൾ ചെയ്യേണ്ട പ്രവർത്തനങ്ങൾ പട്ടികപ്പെടുത്തുക.

**D. മൂന്നാർ റീജിയണിലെ വസ്തുക്കളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖ തയ്യാറാക്കുക.**

മൂന്നാർ റീജയണിൽപ്പെടുന്ന വസ്തുക്കളുടെ **Survey records** റവന്യൂ വകുപ്പിൽ നിന്നും പകർപ്പെടുത്ത് സൂക്ഷിക്കേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ സർവ്വേ നമ്പറിലേയും ഉടമസ്ഥാവകാശ സ്ഥിതി രേഖപ്പെടുത്തി മാപ്പ് തയ്യാറാക്കണം (**GIS** അധിഷ്ഠിത മാപ്പ്). നിർമ്മാണ അനുമതിക്കു **NOC** നൽകുന്ന

അവസരത്തിൽ ഈ രേഖ പരിശോധിച്ച് ഉടമസ്ഥാവകാശം ഉറപ്പാക്കണം. പട്ടയ ഭൂമി പ്രത്യേകം രേഖപ്പെടുത്തുക. അവയുടെ അവകാശവും, നിലവിലെ വിനിയോഗവും രേഖപ്പെടുത്തുക.

**E. പരിസ്ഥിതിയെ ഹനിക്കുന്ന പ്രവർത്തനങ്ങളെയും പരിസ്ഥിതിലോല പ്രദേശങ്ങളിലെ കൈയ്യേറ്റങ്ങളെയും തടയാനുള്ള നടപടി തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്ന് സ്വീകരിക്കുക.**

1. വനം, നദീതീരം എന്നിവ ഉൾപ്പെടെ പരിസ്ഥിതിലോല പ്രദേശങ്ങളുടെ അതിരുകൾ നിർണ്ണയിച്ച് സ്ഥലത്തു രേഖപ്പെടുത്തുക. അതിരുകളുടെ Lat-Long Value, GPS-ന്റെ സഹായത്തോടെ രേഖപ്പെടുത്തി പട്ടികയാക്കി പ്രസിദ്ധീകരിക്കുക. തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചർച്ച ചെയ്തു, പൊതുജനങ്ങളുടെ അഭിപ്രായം കേട്ട ശേഷം അന്തിമമാക്കുക.
2. പരിസ്ഥിതിലോല പ്രദേശങ്ങളിലെ കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുക, കൈയ്യേറ്റങ്ങൾ തടയുക എന്നിവ തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്നു നടപ്പിൽ വരുത്തുക.
3. പരിസ്ഥിതി സംരക്ഷണത്തെ സംബന്ധിച്ച് ജനങ്ങളെ ബോധവാന്മാരാക്കുന്ന പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
4. പരിസ്ഥിതി പ്രദേശങ്ങളിലെ കൈയ്യേറ്റങ്ങളെ ജന ശ്രദ്ധയിൽ കൊണ്ടുവരുക.
5. പരിസ്ഥിതിലോല പ്രദേശങ്ങളുടെ സംരക്ഷണത്തിനായി തദ്ദേശീയരെ ഉൾപ്പെടുത്തി ‘ പരിസ്ഥിതി സേന’യെ സംഘടിപ്പിക്കുക. ഇവർക്കു സ്വതന്ത്രമായി പ്രവർത്തിക്കാനുള്ള അവസരം ഒരുക്കി നൽകുക.

**F. മൂന്നാർ മേഖലയിലെ അനധികൃത നിർമ്മാണങ്ങൾക്കെതിരെയുള്ള നടപടികൾ .**

1. നിലവിലെ അനധികൃത നിർമ്മാണങ്ങളെ അവയുടെ വിസ്തൃതി, ഉപയോഗം, ഉടമസ്ഥാവകാശം, അനധികൃത നിർമ്മാണമാകാനുള്ള കാരണം എന്നിവ ഉൾപ്പെടുത്തി പട്ടികപ്പെടുത്തുക.

**2.** അനധികൃത നിർമ്മാണങ്ങളെ ക്രമവത്ക്കരിക്കുന്നതിന് പൊതുമാനദണ്ഡം (കെട്ടിടത്തിന്റെ വിസ്തീർണ്ണം, ഉപയോഗം, ഉടമസ്ഥാവകാശം എന്നിവയെ സംബന്ധിച്ച്) രൂപപ്പെടുത്തുക.

**3.** ഈ പൊതുമാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ അനധികൃത നിർമ്മാണങ്ങളെ ക്രമവത്ക്കരിക്കുന്നതിനായി സർക്കാരിന്റെ അനുമതിയോടെ നടപടി സ്വീകരിക്കുക.

**4.** അനുമതി ലഭ്യമല്ലാത്തതും, മാനദണ്ഡത്തിൽപ്പെടാത്തതുമായ നിർമ്മാണങ്ങളെ പൊളിച്ചു നീക്കുകയോ സർക്കാരിലേക്കു കണ്ടുകെട്ടുകയോ ചെയ്യാനുള്ള നടപടി തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തത്തിൽ ചെയ്യുക.

**5.** അനധികൃത കൈയ്യേറ്റം, അനധികൃത നിർമ്മാണം മുതലായവയെക്കുറിച്ചുള്ള പരാതി പരിശോധിക്കുകയും തീരുമാനമെടുക്കുകയും ചെയ്യുക.

**6.** കൈയ്യേറ്റങ്ങളെയും, അനധികൃത നിർമ്മാണങ്ങളെയും കുറിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് ജനങ്ങൾക്കു സൗകര്യം ഒരുക്കുക. ഇതിനായി മൂന്നാർ ഹിൽ ഏരിയ അതോറിറ്റി ഓഫീസിൽ പരാതി സ്വീകരിക്കുന്നതിനായി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ ഉണ്ടായിരിക്കണം. കൂടാതെ **online** ആയി പൊതുജനങ്ങൾക്കു പരാതി നൽകാൻ സംവിധാനം ഉണ്ടാക്കുക.

## മൂന്നാർ മാസ്റ്റർ പ്ലാനിൽ ഉൾപ്പടേണ്ട കാര്യങ്ങൾ

1. മൂന്നാർ പ്രദേശത്തിന്റെ സംയോജിത വികസനം **(Integrated Development).**

- വിവിധവികസന മേഖലകളുടെ സംയോജിത വികസനത്തിന് ഊന്നൽ നൽകുക. വികസന നിർദ്ദേശങ്ങൾ, **Land, people and activity** എന്നിവയുടെ പരസ്പരബന്ധത്തിന്റെ അടിസ്ഥാനത്തിലും **sector linkage-**ന്റെ അടിസ്ഥാനത്തിലും രൂപപ്പെടുത്തുക.
- സന്തുലിത വികസനം **(balanced development)**, മൂന്നാർ മാസ്റ്റർ പ്ലാനിന്റെ **vision** ആയിരിക്കണം. ടൂറിസം വികസനത്തിന് ഊന്നൽ നൽകുമ്പോൾ, പരിസ്ഥിതി സംരക്ഷണം പിന്നിലേയ്ക്ക് പോകരുത്. അതുപോലെ മറിച്ചും.

- പരിസ്ഥിതി സംരക്ഷണം, ടൂറിസം എന്നിവയ്ക്കു ഊന്നൽ നൽകുമ്പോൾ തദ്ദേശീയരുടെ വാസകേന്ദ്രങ്ങളും തൊഴിലിടങ്ങളും പിന്നിലേയ്ക്ക് പോകരുത്.
- മൂന്നാറിന് അനുയോജ്യമായ വികസന മാതൃകകൾ, ടൂറിസം മുതലായവ തദ്ദേശീയ വികസനത്തിനുതകുന്ന രീതിയിൽ എങ്ങനെ പ്രയോജനപ്പെടുത്താം, തദ്ദേശീയർ നേരിടുന്ന പ്രശ്നങ്ങൾ (പ്രത്യേകിച്ചും സ്ത്രീകളുടെയും കുട്ടികളുടെയും) എങ്ങനെ പരിഹരിക്കാം എന്നിവ ഈ വികസന കാഴ്ചപ്പാടിന്റെ ഘടകങ്ങളായിരിക്കണം.

2. പരിസ്ഥിതിലോല (Environmental sensitive ) പ്രദേശങ്ങളുടെ കണ്ടെത്തലും സംരക്ഷണത്തിനുവേണ്ട നടപടികളും

- മൂന്നാർ മാസ്റ്റർ പ്ലാൻ പ്രദേശത്തെ പരിസ്ഥിതിലോല പ്രദേശങ്ങൾ രേഖപ്പെടുത്തുകയും, Bio-diversity Endemism, Ecological Sensitiveness മുതലായവയുടെ അടിസ്ഥാനത്തിൽ പരിസ്ഥിതിലോല പ്രദേശങ്ങളെ grade ചെയ്യുക. (ഇതിനായി Oommen V Oomen Committee Report പരിഗണിക്കാവുന്നതാണ്. ഇതിൽ Cadastral Level-ൽ -ESA രേഖപ്പെടുത്തിയിട്ടുണ്ട്).
- മൂന്നാർ മാസ്റ്റർ പ്ലാൻ പ്രദേശത്തെ പരിസ്ഥിതിലോല പ്രദേശങ്ങൾ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങളെ രേഖപ്പെടുത്തുക.
- പരിസ്ഥിതിലോല പ്രദേശങ്ങളെ എങ്ങനെ local economic base-നു സഹായകരമാക്കാമെന്ന് (വനവിഭവങ്ങൾ, tourist guide) കണ്ടെത്തുക.
- പരിസ്ഥിതിലോല പ്രദേശങ്ങളുടെ സംരക്ഷണം തദ്ദേശിയരെ ഉൾപ്പെടുത്തി നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ രൂപീകരിച്ചു മാസ്റ്റർ പ്ലാനിന്റെ ഭാഗമാക്കുക.
- സോണിംഗിലൂടെയുള്ള പരിസ്ഥിതിലോല പ്രദേശങ്ങളുടെ സംരക്ഷണം (Protection of Ecologically Sensitive Area through zoning).

3. സാമ്പത്തിക അടിത്തറയെ പരിപോഷിപ്പിക്കുന്നതിനുള്ള നടപടികൾ (Protection and upliftment of the economic base).

- ജനങ്ങളുടെ സാമൂഹിക സാമ്പത്തിക സ്ഥിതിയെകുറിച്ചു സർവേയിലൂടെ മനസ്സിലാക്കുക.
- സാമൂഹിക സാമ്പത്തിക സ്ഥിതിയെ ഗുണപരമായി മാറ്റുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളിക്കുക.

**4.** ഉത്തരവാദിത്വ ടൂറിസത്തിന്റെ **(responsible tourism)** വിവിധ **dimensions (social, economical)** നിർവചിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുക.

- വിനോദസഞ്ചാര മേഖലയിലെ വിവിധ പ്രവർത്തികളിൽ (ടൂറിസ്റ്റ് ഗൈഡ്, ഹോംസ്റ്റേ, തദ്ദേശിയ ഭക്ഷണ വിഭവങ്ങൾ, തദ്ദേശീയ കലകൾ) തദ്ദേശ്ശിയരെ ഉൾപ്പെടുത്തുന്ന നിർദ്ദേശങ്ങൾ മാസ്റ്റർ പ്ലാനിന്റെ ഭാഗമാക്കുക.
- വിനോദസഞ്ചാര മേഖലയുടെ സംരക്ഷണം തദ്ദേശിയരുടെ പങ്കാളിത്തതോടെ എങ്ങനെ നടപ്പാക്കണമെന്ന കാര്യം മാസ്റ്റർപ്ലാനിന്റെ ഭാഗമാക്കുക.

**5.** മൂന്നാർ റീജിയണിനുള്ള (സ്കൂളുകൾ, ആശുപത്രി, കളിസ്ഥലങ്ങൾ, റോഡ് ശൃംഖല, കുടിവെള്ള വിതരണ സംവിധാനം മുതലായവ) പശ്ചാത്തല സൗകര്യങ്ങളെ അടയാളപ്പെടുത്തുക, നിലവിലെ സ്ഥിതി, വേണ്ടുന്ന മാറ്റങ്ങൾ എന്നിവ ഉൾപ്പെടുത്തുക.

**6.** വികസന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ വികസന പദ്ധതികളെ രൂപീകരിക്കുക. വിവിധ വകുപ്പുകൾ മുഖേനയും, പഞ്ചായത്തുകൾ മുഖേനയും, മറ്റ് വികസന ഏജൻസികൾ മുഖേനയും നടപ്പിലാക്കേണ്ട പദ്ധതികൾ പ്രത്യേകം പട്ടികപ്പെടുത്തുക.

**7.** മൂന്നാറിലെ പ്രകൃതിയ്ക്കും സുസ്ഥിര വികസനത്തിനും അനുയോജ്യമായ കെട്ടിടനിർമ്മാണ ചട്ടങ്ങൾ/**Development Control Regulation**, മുന്നാർ മാസ്റ്റർ പ്ലാനിന്റെ ഭാഗമായി ഉൾപ്പെടുത്തുക.